മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 30

# വാർത്താക്കുറിപ്പ്

---

## ജൂണിയർ റിസർച്ച് ഫെലോഷിപ്പ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2022- 23 വർഷത്തെ ജൂണിയർ റിസർച്ച് ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു. എം.ജി സർവകലാശാലയുടെ അധ്യാപന, ഗവേഷണ വകുപ്പുകളിലോ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലോ കോഴ്സ്-വർക്ക് പരീക്ഷ വിജയിച്ച ഫുൾ ടൈം റിസർച്ച് സ്കോളർമാർക്കാണ് അവസരം.

പരമാവധി മൂന്ന് വർഷത്തേക്ക് പ്രതിമാസം 12000 രൂപ ഫെലോഷിപ്പ് തുകയായി ലഭിക്കും. ജനുവരി 12 മുതൽ സർവകലാശാല റിസർച്ച് പോർട്ടലിലൂടെ (researchonline.mgu.ac.in) മാത്രമാണ് അപേക്ഷ സ്വീകരിക്കുന്നത്.

അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ റിസർച്ച് ഗൈഡിന്റെ ശുപാർശ കത്ത്, പി.എച്ച്.ഡി ജോയിനിംഗ് റിപ്പോർട്ട്, ഏറ്റവും പുതിയ വർക്ക് റിപ്പോർട്ട്, പി.എച്ച്.ഡി രജിസ്ട്രേഷൻ അനുവദിച്ചത് സംബന്ധിച്ച സർവകലാശാലയുടെ ഉത്തരവ്, പെർമെനന്റ് രജിസ്ട്രേഷൻ ഉത്തരവ് അല്ലെങ്കിൽ കോഴ്സ് വർക്ക് പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നീ രേഖകളുടെ പകർപ്പുകൾ അപ് ലോഡ് ചെയ്യണം.
ഫെബ്രുവരി 11 വരെ അപേക്ഷകള് സമർപ്പിക്കാം. വിശദ വിവരങ്ങൾ റിസർച്ച് പോർട്ടലിൽ ലഭ്യമാണ്.
(പി.ആർ.ഒ./39/179 2/2022)

## പ്രാക്ടിക്കൽ

കഴിഞ്ഞ ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(ഡാറ്റാ അനലിറ്റിക്സ്, 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷന് ഇംപ്രൂവ്മെൻറും റീ അപ്പിയറൻസും) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാലിന് അതത് കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.............

കഴിഞ്ഞ നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ(2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാലു മുതൽ മാന്നാനം എം.ഇ.എസ് കോളജിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

രണ്ടാം സെമസ്റ്റർ സുവോളജി മോഡൽ(ഒന്ന്, രണ്ട്, മൂന്ന് സി.ബി.സി.എസ് ന്യൂ സ്കീം 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2020, 2019, 2018, 2017 അഡ്മിഷനുകൾ റീ അപ്പിയറൻസ്) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി അഞ്ചു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

.................

രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് -സി.ബി.സി.എസ്(ന്യൂ സ്കീം-2021 അഡ്മിഷൻ റെഗുലർ,2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2019, 2020 അഡ്മിഷനുകൾ റീ അപ്പിയറൻസ് –ഒക്ടോബർ 2022) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 10 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

...................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി(ന്യൂ സ്ക്രീം 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2017, 2018, 2019, 2020 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി നാലു മുതൽ അതത് കോളജുകളില് നടക്കും.

................

കഴിഞ്ഞ ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആൻ്റ് ഫാഷൻ ഡിസൈൻ(സി.ബി.സി.എസ്, 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റും റീ അപ്പിയറൻസും, 2017 , 2018, 2019 അഡ്മിഷനുകള് റീ അപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാലു മുതൽ നടക്കും.

.................

ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ ബി.എ ആനിമേഷൻ ആൻ്റ് ഗ്രാഫിക് ഡിസൈൻ, ബി.എ വിഷ്വൽ ആർട്സ്, ബി.എ ആനിമേഷന് ആൻ്റ് വിഷ്വൽ ഇഫക്ട്സ്,രണ്ടാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ, ബി.എ വിഷ്വൽ കമ്യൂണിക്കേഷൻ, ബി.എ ഓഡിയോഗ്രാഫി ആൻ്റ് ഡിജിറ്റൽ എഡിറ്റിംഗ്(സി.ബി.സി.എസ്, 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റും റീ അപ്പിയറൻസും, 2017, 2018, 2019 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി അഞ്ചു മുതൽ നടക്കും.
(പി.ആർ.ഒ./39/1793/2022)

## പരീക്ഷ പുനക്രമീകരിച്ചു

ജനുവരി അഞ്ച്, ആറ് തീയതികളിൽ മാന്നാനം എം.ഇ.എസ് കോളജിലും പുത്തൻവേലിക്കര പ്രസൻറേഷൻ കോളജ് ഓഫ് അപ്ലൈഡ് സയൻസിലും നടത്താനിരുന്ന നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോ കെമിസ്ട്രി(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2020, 2019 അഡ്മിഷനുകൾ സപ്ലിമെൻററി -

ഒക്ടോബർ 22) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാല്, അഞ്ച് തീയതികളിലായി പുനക്രമീകരിച്ചു. പുതുക്കിയ ഷെഡ്യൂൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1794/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**